കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്

223 (608) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കെൽട്രോൺ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; അവ ഏതെല്ലാം നിയോജകമണ്ഡലങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് ഫണ്ട് ആവശ്യപ്പെട്ട് കെൽട്രോണിനു ലഭിച്ചിട്ടുള്ള അപേക്ഷകൾ ഏതെല്ലാം; വിശദമായി വ്യക്തമാക്കാമോ?

(സി) ലഭിച്ചിട്ടുള്ള അപേക്ഷകളിൽ കെൽട്രോൺ ഏതെല്ലാം പരിഗണിച്ചു; പരിഗണിച്ച അപേക്ഷകൾ ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ നിന്നുള്ളതാണ്; നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. തിരുവനന്തപുരം വെള്ളയമ്പലത്ത് 'കോസ്മോ ടിൻ ബസ് ഷെൽട്ടർ' സ്ഥാപിച്ചു. (2014-15).
2. തിരുവനന്തപുരത്തെ കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡിന് ആവശ്യമായ ടാക്കിങ് ബുക്ക് സ്റ്റുഡിയോ നവീകരണത്തിനായി സംഭാവന നൽകി. (2015-16)
3. തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്റർ - പൂവർ പേഷ്യന്റ് ഫണ്ടിലേക്ക് സംഭാവന നൽകി (2015-16)

(ബി) ഈ സർക്കാരിന്റെ കാലത്ത് കെൽട്രോണിന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടിൽ നിന്നും തുക ആവശ്യപ്പെട്ട് താഴെ പറയുന്ന അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

1. തിരുവനന്തപുരത്തെ കേരള ഫെഡറേഷൻ ഒഫ് ദ ബ്ലൈൻഡിന് ആവശ്യമായ ടാക്കിങ് ബുക്ക് സ്റ്റുഡിയോ നവീകരണത്തിനുവേണ്ടി തുക ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ.
2. കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കുന്ന 'ഡീപ്പ് മലബാർ എഡ്യൂ ഡ്രീംസ്' പദ്ധതിക്ക് തുക ആവശ്യപ്പെട്ടുകൊണ്ടുള്ള ശ്രീ. കെ. ദാസൻ, എം.എൽ.എ. (കൊയിലാണ്ടി) നൽകിയ അപേക്ഷ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തിരുവനന്തപുരത്തെ കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡിനു ആവശ്യമായ ടാക്കിങ് ബുക്ക് സ്റ്റുഡിയോ നവീകരണവുമായി ബന്ധപ്പെട്ട അപേക്ഷ കെൽട്രോൺ നടപ്പാക്കിയിട്ടുണ്ട്.

ഇ-ഡിസ്ട്രിക്ട് പദ്ധതി

224 (609) ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. റ്റി. യു. കുരുവിള:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാം;

(ബി) ടി പദ്ധതിയുടെ നിർവ്വഹണത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിയിലൂടെ നൽകിവരുന്ന സേവനങ്ങൾക്കു പുറമെ എന്തെല്ലാം സേവനങ്ങൾ പുതുതായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായി വീടിനടുത്തുള്ള അക്ഷയ പൊതുജന സേവന കേന്ദ്രങ്ങൾ മുഖേന നേരിട്ടോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ലഭ്യമാക്കുന്നതാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. വിവിധ വകുപ്പുകളിൽ നടപ്പിലാക്കിയ കമ്പ്യൂട്ടർവൽക്കരണത്തിന്റെ മികവ് പരമാവധി പ്രയോജനപ്പെടുത്തി സുതാര്യവും നിഷ്പക്ഷമായും വേഗത്തിലും സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ബന്ധപ്പെട്ട ഓഫീസുകളിൽ പല തവണ കയറിയിറങ്ങാതെ വിവിധ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നത് ഉൾപ്പെടെയുള്ള സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ലഭിക്കുന്നത്. 2010-ൽ കണ്ണൂർ, പാലക്കാട് ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഡിസ്ട്രിക്ട് പദ്ധതി 2013 മാർച്ച് മാസത്തോടെ കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപിപ്പിച്ചു.

- 2013 ഒക്ടോബർ 18 മുതൽ ഓൺലൈൻ പബ്ലിക് പോർട്ടൽ സാധ്യമായതോടുകൂടി കേരളത്തിലെ പൊതുജനങ്ങൾക്കൊപ്പം എല്ലാ മുനാടൻ മലയാളികൾക്കും ഇ-ഡിസ്ട്രിക്ട് പോർട്ടലിലൂടെ അവർക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കുവാൻ സാധിച്ചു

LIBRARY ARCHIVES Kerala Legislative Assembly